# ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ, പാപ്പുവ ന്യൂ ഗിനിയയ്ക്ക് ഇന്ത്യയുടെ ഒരു മില്യൺ യുഎസ് ഡോളറിന്റെ അടിയന്തര സഹായധനം.

മെയ് 28, 2024

2024 മെയ് 24 ന് പാപുവ ന്യൂ ഗിനിയയിലെ എൻഗ പ്രവിശ്യയിലുണ്ടായ മണ്ണിടിച്ചിൽ പ്രദേശത്തു വൻ നാശനഷ്ടങ്ങൾ ഉണ്ടാവുകയും, നൂറുകണക്കിന് ആളുകൾ മണ്ണിടയിലാവുകയും ചെയ്തു.

2. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇതിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും, സാധ്യമായ എല്ലാ പിന്തുണയും സഹായവും പസഫിക് ദ്വീപ് രാജ്യത്തിന് നല്കുമെന്നുള്ള ഇന്ത്യയുടെ സന്നദ്ധത അറിയിക്കുകയും ചെയ്തു.

3. ഫോറം ഫോർ ഇന്ത്യ-പസഫിക് ദ്വീപുകളുടെ സഹകരണത്തിന് (എഫ്ഐപിഐസി) കീഴിൽ അടുത്ത സുഹൃത്ത് എന്ന നിലയിലും, പാപ്പുവ ന്യൂ ഗിനിയയിലെ ജനങ്ങളോടുള്ള ഐക്യദാർഢ്യമെന്നോണം, ഇന്ത്യാ ഗവൺമെന്റ് 1 മില്യൺ യുഎസ് ഡോളറിന്റെ അടിയന്തര ദുരിതാശ്വാസ സഹായം നൽകുന്നതോടൊപ്പം പുനരധിവാസ, പുനർനിർമ്മാണ ശ്രമങ്ങളിൽ പങ്കാളിയാവുകയും ചെയ്യും.

4. 2019, 2023-ലെ അഗ്നിപർവ്വത സ്ഫോടനങ്ങളും, 2018-ലെ ഭൂകമ്പവും മൂലമുണ്ടായ പ്രകൃതിദുരന്തങ്ങളിലെ ബുദ്ധിമുട്ടുകളിൽ ഇന്ത്യ പാപുവ ന്യൂ ഗിനിയയ്ക്കൊപ്പം ഉറച്ചുനിന്നു. 2019 നവംബറിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പ്രഖ്യാപിച്ച (ഐപിഒഐ), ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആൻഡ് മാനേജ്മെന്റ് ആണ് ഇന്ത്യയുടെ ഇന്തോ-പസഫിക് സമുദ്രങ്ങളുടെ സംരംഭത്തിന്റെ ഒരു പ്രധാന സ്തംഭം. മാനുഷിക സഹായത്തിനും ദുരന്ത നിവാരണത്തിനും (എച്ച്എഡിആർ) ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്, ഉത്തരവാദിത്തവും സ്ഥിരതയുള്ളതുമായ പ്രവർത്തനങ്ങളുമായി അത് തുടരുകയും ചെയ്യും.

**ന്യൂ ഡൽഹി**
**മെയ് 28, 2024**